# കേരള സർവകലാശാല

നം.പി.ആർ.267/2018 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പരീക്ഷാഫീസ്

2019 ജനുവരിയിൽ നടക്കുന്ന രണ്ട്, നാല്, ആറ് സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.ബി.എ പരീക്ഷയ്ക്ക് പിഴ കൂടാതെ ഡിസംബർ 18 വരെയും 50 രൂപ പിഴയോടെ ഡിസംബർ 21 വരെയും 125 രൂപ പിഴയോടെ ഡിസംബർ 24 വരെയും അപേക്ഷിക്കാം. രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 8 നും നാലാം സെമസ്റ്റർ പരീക്ഷ ജനുവരി 22 നും ആറാം സെമസ്റ്റർ പരീക്ഷ ജനുവരി 29 നും ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

2018 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി. ബയോടെക്നോളജി (മൾട്ടിമേജർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 11 മുതൽ 14 വരെയും ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. സൈക്കോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 10, 12 തീയതികളിലും എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 18, 21 തീയതികളിലും നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 മേയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.കോം, എം.എസ്.സി. സുവോളജി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ.

### ദേശീയ ക്വിസ് മൽസരം

2018 ഡിസംബർ 15 ന് രാവിലെ 9 മണി മുതൽ കെമിസ്ട്രി വിഭാഗത്തിൽ വച്ച് ബിരുദ, ബിരുദാനന്തരബിരുദ, ശാസ്ത്ര സാങ്കേതിക വിദ്യാർത്ഥികൾക്കായി 'രസതന്ത്ര 2018' എന്ന പേരിൽ ദേശീയ ക്വിസ് മൽസരം നടത്തുന്നു. രണ്ടു പേരടങ്ങിയ ടീമുകൾക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 9567312056/8943812782/8547067230 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

### ഡേറ്റാബാങ്ക് അപ്ഡേഷൻ

പ്രാക്ടിക്കൽ പരീക്ഷകളുടെ മൂല്യനിർണ്ണയത്തിലേർപ്പെട്ട അദ്ധ്യാപകർക്കുള്ള പ്രതിഫലം ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനായി എല്ലാ അദ്ധ്യാപകരും exams.keralauniversity.ac.in എന്ന വെബ്സൈറ്റിൽ Index Card ലിങ്കിലുള്ള വ്യക്തിഗതവിവരങ്ങൾ, IFSC കോഡ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ ശരിയാണോ എന്ന് പരിശോധിക്കുകയും അല്ലാത്ത പക്ഷം ശരിയായ വിവരങ്ങൾ അടിയന്തിരമായി സമർപ്പിക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട സംശയങ്ങൾ kucc@keralauniversity.ac.in ലേക്ക് ഇ-മെയിൽ ചെയ്യുക.

തിരുവനന്തപുരം.
07.12.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098